**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
**HAJ HOUSE, CALICUT AIRPORT P.O.,**
**MALAPPURAM Dist., KERALA - 673 647.**

**Phone: 0483-2710717, 0483-2717572**
**Website: keralahajcommittee.org**
**E-mail: keralahajcommittee@gmail.com**
**Mob; 8281707785**

*Ref:* H2-351/2023/KSHC *Date*: 05.12.2023

# ഹജ്ജ് 2024

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

ഹജ്ജ് 2024-ലേക്കുള്ള ഓൺലൈൻ ഹജ്ജ് അപേക്ഷാ സമർപ്പണം ആരംഭിച്ചു. 2023 ഡിസംബർ 20 ആണ് അവസാന തിയ്യതി. അപേക്ഷ സമർപ്പിക്കുന്നതിന്ന് മുമ്പ് ഹജ്ജ്-2024 നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം. ഗൈഡ്‌ലൈൻസ് ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർണ്ണമായും ഓൺലൈൻ വഴിയാണ് അപേക്ഷാ സമർപ്പണം. കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ hajcommittee.gov.in എന്ന വെബ്സൈറ്റിലും കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ keralahajcommittee.org എന്ന വെബ്സൈറ്റിലും അപേക്ഷയുടെ ലിങ്ക് ലഭ്യമാണ്. **"Hajsuvidha"** മൊബൈൽ അപ്ലിക്കേഷൻ വഴിയും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷകർക്ക് 31-01-2025 വരെ കാലാവധിയുള്ള മെഷീൻ റീഡബിൾ പാസ്പോർട്ട് ഉണ്ടായിരിക്കേണ്ടതാണ്. കുടുംബാംഗങ്ങളും അടുത്ത ബന്ധുക്കളുമായവരാണ് ഒരു കവറിൽ അപേക്ഷിക്കേണ്ടത്.

* അപേക്ഷകർ ഹജ്ജ് കമ്മിറ്റി മുഖേന ജീവിതത്തിലൊരിക്കലും ഹജ്ജ് ചെയ്തിട്ടില്ലാത്തവരായിരിക്കണം. ഇതിന് നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 70 വയസ്സ് വിഭാഗത്തിലും ജനറൽ കാറ്റഗറിയിലും ഹജ്ജ് ചെയ്യാത്ത സഹായി/മെഹ്റം ലഭ്യമല്ലെങ്കിൽ മാത്രം, ഹജ്ജ് കമ്മിറ്റി നിർദ്ദേശിച്ച ബന്ധത്തിൽപ്പെട്ട ഹജ്ജ് ചെയ്ത സഹായി/മെഹ്റം നിശ്ചിത മാതൃകയിലുള്ള സത്യപ്രസ്താവന നൽകിയാൽ സഹായി/മെഹ്റമായി ഉൾപ്പെടുത്തുന്നതാണ്.

* അപേക്ഷകരുടെ പാസ്പോർട്ടിന്റെ ആദ്യത്തെയും അവസാനത്തെയും പേജുകൾ, പാസ്പോർട്ട് സൈസ് കളർ ഫോട്ടോയും (വൈറ്റ് ബാക്ക് ഗ്രൗണ്ടുള്ളതും), മുഖ്യ അപേക്ഷകന്റെ (കവർ ഹെഡ്) ക്യാൻസൽ ചെയ്ത IFS കോഡുള്ള ബാങ്ക് ചെക്കിന്റെ/പാസ്സ്ബുക്കിന്റെ കോപ്പി, അഡ്രസ്സ് പ്രൂഫ്, കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈൻ അപേക്ഷയിൽ അപലോഡ് ചെയ്യേണ്ടതാണ്.

കേരളത്തിൽ നിന്ന് മൂന്ന് എമ്പാർക്കേഷൻ പോയിന്റുകൾ ഉണ്ട്. കോഴിക്കോട് (Calicut), കൊച്ചിൻ, കണ്ണൂർ. അപേക്ഷകർക്ക് സൗകര്യപ്രദമായ രണ്ട് എമ്പാർക്കേഷൻ പോയിന്റുകൾ മുൻഗണനാക്രമത്തിൽ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

## മൂന്ന് കാറ്റഗറിയാണ് ഇത്തവണയുള്ളത്:-

### ജനറൽ കാറ്റഗറി:-

ജനറൽ കാറ്റഗറിയിൽ കുടുംബാംഗങ്ങളും അടുത്ത ബന്ധുക്കളുമായ പരമാവധി അഞ്ച്(5) പേർക്കും രണ്ട് ഇൻഫന്റിനും വരെ ഒരു കവറിൽ അപേക്ഷിക്കാം. കവർ ലീഡർ പുരുഷനായിരിക്കണം. കവറിലുൾപ്പെട്ട അപേക്ഷകരുടെ പണമിടപാടിന്റെ ചുമതല കവർ ലീഡർക്കുള്ളതാണ്. ഇൻഫന്റ്: 21-07-2022-നോ അതിന് ശേഷമോ ജനിച്ച കുട്ടികളെ ഇൻഫന്ററായി ജനറൽ കാറ്റഗറിയിൽ രക്ഷിതക്കളോടൊപ്പം ഉൾപ്പെടുത്താവുന്നതാണ്.

### കാറ്റഗറി (70+):

03-12-2023ന് 70 വയസ്സ് പൂർത്തിയായ (03-12-1953നോ അതിന് മുമ്പോ ജനിച്ചവർ) ജീവിതത്തിലൊരിക്കലും ഹജ്ജ് കമ്മിറ്റി മുഖേനയോ, അല്ലാതെയോ ഹജ്ജ് ചെയ്തിട്ടില്ലാത്ത അപേക്ഷകരെ താഴെ പറയു നിബന്ധനകൾക്ക് വിധേയമായി 70+കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതാണ്.

* 70 വയസ്സ് കഴിഞ്ഞ ആളുടെ കൂടെ ഒരു സഹായി നിർബന്ധമായും ഉണ്ടായിരിക്കണം. (സഹായിയായുമായുള്ള ബന്ധം രേഖാമൂലം വ്യക്തമാക്കണം.)

**സഹായിയായി ഉൾപ്പെടുത്തുന്ന വ്യക്തി താഴെ പറയുന്ന ബന്ധത്തിൽപെട്ടവരായിരിക്കണം:-**

ഭാര്യ/ഭർത്താവ്, മകൻ/മകൾ, മകളുടെ ഭർത്താവ്/മകന്റെ ഭാര്യ, സഹോദരൻ/സഹോദരി, മക്കളുടെ മക്കൾ (Grand son/Grand Daughter), സ്വന്തം സഹോദര പുത്രൻ/സഹോദര പുത്രി എന്നിവയിലാരെങ്കിലുമായിരിക്കണം. (ബന്ധം തെളിയിക്കുതിന് മതിയായ രേഖകൾ ഹാജരാക്കേണ്ടതാണ്). മറ്റൊരു ബന്ധുവിനേയും സഹായിയായി അനുവദിക്കുതല്ല. * എന്നാൽ മുമ്പ് ഹജ്ജ് ചെയ്യാത്ത സഹായികൾ ലഭ്യമല്ലെങ്കിൽ മാത്രം, മേൽപറഞ്ഞവരിൽപ്പെട്ട ഹജ്ജ്ചെയ്ത സഹായിയെ നിശ്ചിത മാതൃകയിലുള്ള സത്യപ്രസ്താവന നൽകിയാൽ 70+കാറ്റഗറിയിൽ സഹായിയായി ഉൾപ്പെടുത്തുതാണ്.

* 70 വയസ്സിന്റെ റിസർവ്വ് കാറ്റഗറിയിൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി/സഹായി യാത്ര റദ്ദ് ചെയ്യുകയാണെങ്കിൽ കൂടെയുള്ളവരുടെ യാത്രയും റദ്ദാകുതാണ്.

* നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന സമർപ്പിക്കേണ്ടതാണ്.

**ലേഡീസ് വിതൗട്ട് മെഹ്റം കാറ്റഗറി:-**

03-12-2023ന്, 45 വയസ്സ് പൂർത്തിയായ (03-12-1978നോ അതിന് മുമ്പോ ജനിച്ചവർ) ഹജ്ജ് കർമ്മത്തിന് പോകാൻ പുരുഷ മെഹ്റമായി ആരും ഇല്ലാത്ത അഞ്ച് (5) സ്ത്രീകൾക്ക് വരെ ഒരുമിച്ച് ഒരു കവറിൽ ഇസ്ലാമിക മദ്ഹബുകളുടെ അടിസ്ഥാനത്തിൽ അപേക്ഷിക്കാവുതാണ്.

അപേക്ഷകർ ഹജ്ജ് കമ്മിറ്റി മുഖേന ജീവിതത്തിലൊരിക്കലും ഹജ്ജ് ചെയ്തിട്ടില്ലാത്തവരായിരിക്കണം. ഇതിന് നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന അപേക്ഷയോടൊപ്പം സമർപ്പിക്കണം.

* അപേക്ഷയുടെയും ഉള്ളടക്കങ്ങളുടെയും (പാസ്സ്പോർട്ടുൾപ്പെടെ) ഫോട്ടോ കോപ്പിയെടുത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. സൂക്ഷ്മ പരിശോധനക്ക് ശേഷം സ്വീകാര്യമായ അപേക്ഷകൾക്ക് ഹജ്ജ് കമ്മിറ്റി കവർ നമ്പർ അലോട്ട് ചെയ്യുതാണ്.

ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ ആവശ്യമാണെങ്കിൽ ഹജ്ജ് കമ്മിറ്റിയുടെ ഔദ്യോഗിക ഹജ്ജ് ട്രൈനറുടെ സഹായം തേടാവുതാണ്. ഹജ്ജ് കമ്മിറ്റിക്ക് മറ്റ് ഏജൻസികളോ അനുബന്ധ സ്ഥാപനങ്ങളോ ഇല്ല. വ്യക്തികളോ സംഘടനകളോ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഹജ്ജ് കമ്മിറ്റിക്ക് യാതൊരുവിധ ഉത്തരവദിത്വവുണ്ടായിരിക്കില്ല.

* തെരഞ്ഞെടുക്കപ്പെടുന്നവർ:- ഡൗൺലോഡ് ചെയ്ത ഹജ്ജ് അപേക്ഷാ ഫോറം, അപേക്ഷാ പ്രോസസിംഗ് ചാർജ്ജ് ആയി ഒരാൾക്ക് 300രൂപ അടച്ച രശീതി, വിദേശ വിനിമയ സംഖ്യ/വിമാനക്കൂലിയിനത്തിൽ അഡ്വാൻസായി 81,500രൂപ എസ്.ബി.ഐ.യുടെയോ, യൂനിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെയോ ഏതെങ്കിലും ശാഖയിൽ അതാത് അപേക്ഷകരുടെ ബാങ്ക് റഫറൻസ് നമ്പറുപയോഗിച്ച് നിക്ഷേപിച്ചതിന്റെ പേ-ഇൻ സ്ലിപ്പ്, ഒർജിനൽ പാസ്പോർട്ട് (ഒരു ഫോട്ടോ സഹിതം), നിർദ്ധിഷ്ട മാതൃകയിലുള്ള വിശദമായ മെഡിക്കൽ സർട്ടിഫിക്കറ്റ് മറ്റ് അനുബന്ധ രേഖകൾ എന്നിവ നറുക്കെടുപ്പിന് ശേഷം ഒരാഴ്ചക്കകം സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്.

*രേഖകൾ നിശ്ചിതസമയത്തിനകം സമർപ്പിക്കാത്തവരുടെ തെരഞ്ഞെടുപ്പ് മറ്റൊരറിയിപ്പും കൂടാതെ റദ്ദാകുന്നതും അത്തരം സീറ്റുകളിലേക്ക് വെയ്റ്റിംഗ് ലിസ്റ്റിലുള്ള അപേക്ഷകരെ വെയ്റ്റിംഗ് ലിസ്റ്റ് മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കുന്നതുമാണ്.

* പാസ്പോർട്ട് നിശ്ചിത സമയത്ത് സമർപ്പിക്കാൻ കഴിയാത്ത (a) Non-resident Indians (NRI); (b) Frequent flyers; (c) Umrah Pilgrims; (d) Officials; (e) persons visiting foreign countries on medical grounds, family visits **etc** – തുടങ്ങിയവർ പരമാവധി ശവ്വാൽ **15** (ഏകദേശം **24-04-2024**)നകം കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കാൻ സമയം അനുവദിക്കുന്നതാണ്. ഇതിന് പ്രത്യേകം അപേക്ഷയും പാസ്പോർട്ട്/വിസ/എംപ്ലോയ്മെന്റ് ലെറ്റർ തുടങ്ങിയ രേഖകളും സമർപ്പിക്കണം.

*(Sd/-)*

എക്സിക്യൂട്ടീവ് ഓഫീസ്സർ,

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി.